dhanamonline.com

https://dhanamonline.com/news-views/state-government-and-edii-join-hands-for-entrepreneurs-1167253?utm_source=whatsapp&utm_medium=web&utm_campaign=whatsapp_share

# സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കും; സംസ്ഥാന സർക്കാരും ഇഡിഐഐയും കൈകോർക്കുന്നു

*നേരത്തെ കുടുംബശ്രീ, സ്റ്റാർട്ടപ്പ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവയുമായി ഇഡിഐഐ കൈകോർത്തിരുന്നു*

Dhanam News Desk | 15 Sept 2022 2:39 PM




സംസ്ഥാനത്ത സംരംഭങ്ങളെയും സംരംഭകരെയും പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാരും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും (ഇഡിഐഐ) കൈകോർക്കുന്നു. കുടുംബശ്രീ, സ്റ്റാർട്ടപ്പ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവയ്ക്കൊപ്പം പ്രവർത്തിച്ചുവന്നിരുന്ന ഇഡിഐഐ ഇനി വ്യവസായ വകുപ്പുമായും കെ-ഡിസ്കുമായും വിവിധ കോർപ്പറേറ്റുകളുമായും ചേർന്ന് സംരംഭകത്വ ആവാസവ്യവസ്ഥയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കും.

സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിൽ ഫീൽഡ്തല ഓഫീസർമാർക്ക് പരിശീലനം നൽകിവരുന്നത് ഇഡിഐഐ ആണ്. ഇതിനോടകം 200 ഓഫീസർമാർക്കാണ് പരിശീലനം നൽകിയത്. ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സുഗമമാക്കുന്നതിന് 60 റിസോഴ്സ് പേഴ്സൺമാരുടെ കേഡറിനും പരിശീലനം നൽകും.

കേരളത്തിൽ ഏകദേശം 650 ബിസിനസുകൾ സൃഷ്ടിക്കുന്നതിനായി മൈക്രോ സ്കിൽപ്രണർഷിപ്പ് പ്രോഗ്രാമുകൾ നടത്താൻ മറ്റ് സ്ഥാപനങ്ങളുമായും ഇൻസ്റ്റിറ്റ്യൂട്ട് കൈകോർക്കുന്നുണ്ട്. ഇതിൽ 60 ശതമാനവും സാങ്കേതികവിദ്യയിലധിഷ്ഠിതമായി സ്ത്രീകൾ നയിക്കുന്ന ഹരിത ബിസിനസുകളാണ്. 1998ൽ കുടുംബശ്രീയുടെ തുടക്കത്തിൽതന്നെ സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു മാതൃക ഇഡിഐഐ രൂപപ്പെടുത്തിയിരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് രണ്ടായിരത്തിലധികം സംരംഭകർക്കും ഇഡിഐഐ പരിശീലനം നൽകിയിട്ടുണ്ട്.

സംരംഭകത്വ വികസനത്തിൽ കേരളത്തിന് വലിയ സാധ്യതകളാണുള്ളതെന്നും കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്കും സംരംഭങ്ങൾക്കും അനുകൂലമായ ആവാസവ്യവസ്ഥയും സഹായകഘടകങ്ങളുടെ സ്ഥാപനവൽക്കരണവും ഇഡിഐഐ ഉറപ്പാക്കുമെന്നും ഡയറക്ടർ ജനറൽ ഡോ. സുനിൽ ശുക്ല പറഞ്ഞു. സംരംഭങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാർ ചെലുത്തുന്ന ശ്രദ്ധയും ശ്രമങ്ങളും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രധാന ചാലകമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.